**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1948** **08-02-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസ് ന്റെ അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗം ബാധിച്ച് മൃഗങ്ങൾ മരണപ്പെട്ട സംഭവത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | (എ) | റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകളും മറ്റ് ശിപാർശകളും പരിശോധനയിലാണ്. |
| (ബി) | അധികൃതരുടെ വീഴ്ച മൂലമാണ് ക്ഷയരോഗം പടരുന്ന സാഹചര്യമുണ്ടായതെന്ന് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകളും മറ്റ് ശിപാർശകളും പരിശോധനയിലാണ്. |
| (സി) | ക്ഷയരോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗങ്ങളെ പരിചരിക്കുന്ന ജീവനക്കാർക്ക് എന്തൊക്കെ സുരക്ഷ മുൻകരുതലുകൾ ഒരുക്കണമെന്നാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകളും മറ്റ് ശിപാർശകളും പരിശോധനയിലാണ്. |
| (ഡി) | മൃഗങ്ങളുടെ ആരോഗ്യകരമായ പരിപാലനവും ജീവനക്കാരുടെ സുരക്ഷയും ഉറപ്പാക്കുന്ന രീതിയിൽ മൃഗശാലയുടെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റം വരുത്തുമെന്ന് വ്യക്തമാക്കുമോ? | (ഡി) | മൃഗശാലയിൽ ക്ഷയരോഗ ബാധ വന്നതിനെ തുടർന്ന് രോഗബാധയുണ്ടായ കൂടുകളിലെ മാലിന്യങ്ങൾ മറ്റ കൂടുകളിലേക്ക് പോകുന്നത് തടയുന്നതി നായി പ്രത്യേക ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൃഗശാലയിലെ എല്ലാ കൂടുകളും ദിവസേന അണുനശീകരണം നടത്തി വരുന്നു. മൃഗങ്ങളുടെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും, സെക്കന്ററി ബാക്ടീരിയൽ ഇൻഫെക്ഷൻ തടയുന്നതിനുമായി മരുന്നുകൾ നൽകിവരുന്നു. ജീവനക്കാർക്ക് മാസ്ക്, ഗ്ലൗസ്സ്, ഗംബൂട്ട് എന്നിവ വിതരണം ചെയ്യുകയും അവ ധരിച്ച് മാത്രം ജോലി നിർവ്വഹിക്കുന്നു വെന്ന് ഉറപ്പ് വരുത്തുകയും, ജില്ലാ ക്ഷയരോഗ നിവാരണ കേന്ദ്രം മുഖേന മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡീസിസിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ബോധ വൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ